**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല – തലശ്ശേരി നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച സർക്കാർ ഐ.ടി.ഐ യുടെ കെട്ടിടത്തിന് സ്ഥലം വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്, പാനൂർ ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ തനത്/വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 54/2019/തസ്വഭവ  തിരുവനന്തപുരം, തീയതി, 10/01/2019

പരാമർശം:-
1. 25/07/2018 ലെ സ.ഉ(സാധാ)നം.2032/2018/തസ്വഭവ നമ്പർ ഉത്തരവ്.
2. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 26/09/2018 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 8/271(3) നമ്പർ തീരുമാനം.
3. പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/11/2018 ലെ കത്ത്.
4. പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 31/10/2018 തീയതിയിലെ 05(1)/18-19-ാം നമ്പർ ഭരണ സമിതി തീരുമാനം
5. പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01/11/2018 ലെ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ പുതുതായി അനുവദിച്ച സർക്കാർ ഐ.ടി.ഐ കെട്ടിടത്തിന് സ്ഥലം വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ 5,00,000/- (അഞ്ച് ലക്ഷം) രൂപയും, തലശ്ശേരി, പാനൂർ നഗരസഭകൾ 10,00,000/- (പത്ത് ലക്ഷം) രൂപ വീതവും കണ്ണൂർ ജില്ലാ പഞ്ചായത്ത് 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയും മറ്റ് ഗ്രാമ പഞ്ചായത്തുകൾ 1,00,000/- (ഒരു ലക്ഷം) രൂപയും മറ്റ് നഗരസഭകൾ 2,00,000/- (രണ്ട് ലക്ഷം) രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 2,00,000/- (രണ്ട് ലക്ഷം) രൂപയും അതാത് സ്ഥാപനങ്ങളുടെ തനത്/വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വേണ്ടത്ര ധനസഹായം ലഭിക്കാത്ത സാഹചര്യത്തിൽ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന് അനുമതി ലഭിച്ച 5 ലക്ഷം രൂപ എന്ന പരിധി 20 ലക്ഷം ആക്കി വർദ്ധിപ്പിച്ച് നൽണമെന്ന് പരാമർശം (3) പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. പാനൂർ ബ്ലോക്ക് പഞ്ചായത്തിന് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന 2 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ വരെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ഭരണ സമിതി തീരുമാനമാകുകയും പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ പുതുതായി അനുവദിച്ച സർക്കാർ ഐ.ടി.ഐ കെട്ടിടത്തിന് സ്ഥലം വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ലഭിച്ച 5 ലക്ഷം രൂപ എന്ന പരിധി 20,00,000/- (ഇരുപത് ലക്ഷം) രൂപ ആക്കി വർദ്ധിപ്പിച്ചുകൊണ്ടും, പാനൂർ ബ്ലോക്ക് പഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ലഭിച്ച 2 ലക്ഷം രൂപ എന്ന പരിധി 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
പ്രസിഡന്റ്, പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് , പന്ന്യന്നൂർ പി.ഒ, പിൻ - 670671.
പ്രസിഡന്റ്, പാനൂർ ബ്ലോക്ക് പഞ്ചായത്ത്, ചമ്പാട് പി.ഒ, കണ്ണൂർ - 670 694
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ